പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1398

03.12.2018-ൽ മറുപടിക്ക്

തിരുത്തിയ മറുപടി

## കോഴിക്കോട് മുൻ കളക്ടറിനെതിരെ ചുമത്തിയ പിഴ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മുൻ കളക്ടർക്കെതിരെ ധനകാര്യ പരിശോധന വിഭാഗം 1900000/- രൂപ പിഴ ചുമത്തി റവന്യൂ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി അനുയോജ്യമല്ലാത്ത വാഹനങ്ങൾ വാങ്ങുകയും അവ താലൂക്ക് തല സ്ക്വാഡുകൾക്ക് അനുവദിക്കാതിരിക്കുകയും ചെയ്തത് വഴി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 11,76,688/- രൂപ 08.09.2015 മുതൽ 18% പലിശയടക്കം കണക്കാക്കി കോഴിക്കോട് മുൻ കളക്ടറിൽ നിന്നും റിക്കവർ ചെയ്യേണ്ടതാണെന്നും താലൂക്ക്തല മണൽ സ്ക്വാഡിന് വാങ്ങിയ വാഹനം തഹസീൽദാർക്ക് അനുവദിച്ചു നൽകാതെ സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ച 21.09.2015 മുതൽ 10.02.2017 വരെ ഓടിയ 31852 കി.മീറ്ററിന് ആർ.എം.എഫ്-ൽ നിന്നും ചെലവഴിച്ച തുകയായ 2,91,353/- രൂപയിൽ തിരിച്ചടച്ച തുകയായ 82,680/- രൂപ കറവ് ചെയ്തു ബാക്കി തുകയായ 2,08,673/- രൂപ റിക്കവർ ചെയ്തു ആർ.എം.എഫ്-ലേക്ക് അടയ്ക്കേണ്ടതാണെന്നും സർക്കാരിനുണ്ടായ ഇരട്ടി ചെലവ്/നഷ്ടം പരിഗണിച്ച് 2015-2016-ൽ റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുകയായ 5,52,613/- രൂപ ഈടാക്കി ആർ.എം.എഫ്-ലേക്ക് അടവാക്കേണ്ടതാണെന്നും ശിപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | (ബി) | ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് അടങ്ങുന്ന ഫയൽ പരിശോധനയിലാണ്. ആയതിൻമേൽ ഉത്തരവാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ധനകാര്യ വകുപ്പ് നൽകുന്ന റിപ്പോർട്ട് പതിനാല് ദിവസങ്ങൾക്കകം നടപ്പിലാക്കണം എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ മേൽ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (സി) | |

സെക്ഷൻ ഓഫീസർ